**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3946 24.08.2017 ന് മറുപടിയ്ക്ക്.

**ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയ സംഭവങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.വി.ഇബ്രാഹിം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് ഈ വർഷം റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കാമോ; | (എ) ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൃഷിനാശം, ജീവഹാനി എന്നിവ സംഭവിച്ച 2676 കേസ്സുകൾ ഈ വർഷം (01.01.2017 മുതൽ 19.08.2017 വരെ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇത്തരം സംഭവങ്ങളിലൂടെ ഉണ്ടായ ജീവഹാനി, കൃഷിനാശം, മറ്റു നഷ്ടങ്ങൾ എന്നിവയുടെ കണക്കുകൾ വ്യക്തമാക്കാമോ? | (ബി) ഇത്തരം സംഭവങ്ങളിൽ 23 പേർക്ക് ജീവഹാനി സംഭവിക്കുകയും, കൃഷിനാശം, കന്നുകാലിനാശം, വസ്തുവകകൾക്കുണ്ടായ നാശനഷ്ടം എന്നിങ്ങനെ 2653 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യജീവ നാശത്തിനും, മറ്റു നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരത്തിനായി നാളിതുവരെ ലഭിച്ച അപേക്ഷകളിന്മേൽ 57,79,682/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ